# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 75 — 12.06.2013-ൽ മറുപടിക്ക്

## 'പ്രീ - നേറ്റൽ' കെയർ ലഭിക്കാതെ ആദിവാസി കുട്ടികൾ മരിച്ച സംഭവം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. കെ. എസ്. സലീഖ :<br>ശ്രീ. എം. ചന്ദ്രൻ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) 'പ്രീ-നേറ്റൽ' കെയർ ലഭിക്കാതെ അട്ടപ്പാടിയിൽ ആദിവാസി കുട്ടികൾ മരിക്കാനിടയായത് ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) 'പ്രീ-നേറ്റൽ' കെയർ അട്ടപ്പാടിയിലെ എല്ലാ ആദിവാസി അമ്മമാർക്കും കൊടുത്തിട്ടുണ്ട്. 'പ്രീ-നേറ്റൽ' കെയർ ലഭിക്കാത്തതിന്റെ പേരിൽ മരണം രേഖപ്പെടുത്തിയിട്ടില്ല. |
| (ബി) ഈ മേഖലയിലെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ മേൽനോട്ടം വഹിക്കാൻ നിയമിതരായവർ ആരും ചാർജ്ജെടുക്കാതിരിക്കുന്നതിന്റെ കാരണം പരിശോധിച്ചിരുന്നോ ; ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചെന്നറിയിക്കാമോ ; | (ബി) ഉത്തരവാദപ്പെട്ട എല്ലാവരും തന്നെ ചാർജ്ജ് എടുത്തിട്ടുണ്ട്. |
| (സി) അട്ടപ്പാടി മേഖലയിൽ നിയമിതരാകുന്ന ഡോക്ടർമാർക്കും ആരോഗ്യ വകുപ്പിലെ മറ്റു ജീവനക്കാർക്കും അധിക ശമ്പളം നൽകേണ്ടി വരുന്നതിന്റെ കാരണം അറിയിക്കാമോ ; അവിടെ ജോലി ചെയ്യാൻ വിസമ്മതിച്ച ആർക്കെങ്കിലുമെതിരെ ഇതുവരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) അട്ടപ്പാടി ദുർഘട മേഖല ആയത് കൊണ്ടാണ് അധിക ശമ്പളം നൽകേണ്ടി വന്നതിന്റെ കാരണം. ആരും തന്നെ ജോലി ചെയ്യാൻ വിസമ്മതിച്ചതായി രേഖാമൂലം അറിയിച്ചിട്ടില്ല. |
| (ഡി) ഗ്രാമീണമേഖലയിലും ദുർഘട മേഖലയിലും ഡ്യൂട്ടിക്ക് തയ്യാറല്ലാത്ത ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ; | (ഡി) ഡ്യൂട്ടിക്ക് തയ്യാറല്ല എന്ന് ആരും ഇതുവരെ രേഖാമൂലം അറിയിച്ചിട്ടില്ല. അങ്ങനെ വന്നാൽ നിയമപരമായ നടപടികൾ എടുക്കുന്നതാണ്. |

(....2)

(ഇ) പുതുതായി അനുവദിച്ച തസ്തികകളിൽ നിയമനം നടത്തിയോ എന്നും നിലവിലുണ്ടായിരുന്ന തസ്തികകളിൽ ഒഴിഞ്ഞു കിടക്കുന്നവ ഏതെല്ലാമെന്നും തസ്തിക തിരിച്ച് വ്യക്തമാക്കാമോ ?

(ഇ) പുതുതായി 75 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ നിയമനം നടത്താനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. നിലവിൽ താഴെ പറയുന്ന തസ്തികകളിൽ ഒഴിവുണ്ട്.

| | | |
|---|---|---|
| സിവിൽ സർജൻ | - | 01 |
| അസിസ്റ്റന്റ് സർജൻ | - | 03 |
| ജൂനിയർ കൺസൾട്ടന്റ്, സർജറി | - | 01 |
| ജൂനിയർ കൺസൾട്ടന്റ്, അനസ്തേഷ്യ | - | 01 |
| സ്റ്റാഫ് നേഴ്സ് (കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ 5 സ്റ്റാഫ് നേഴ്സുമാരെ നിയമിച്ചിട്ടുണ്ട്) | - | 05 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് | - | 04 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | - | 05 |

എൻ.ആർ.എച്ച്.എം മുഖേന ഡോക്ടർമാരെ താഴെ പറയും പ്രകാരം നിയമിച്ചിട്ടുണ്ട്.

| | | |
|---|---|---|
| കോട്ടത്തറ | - | 05 |
| പുതൂർ | - | 02 |
| അഗളി | - | 02 |
| മൊബൈൽ യൂണിറ്റ് | - | 01 |

സെക്ഷൻ ഓഫീസർ